## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 7126

03.11.2011 ലെ മറുപടിക്ക്

### പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പുതിയ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ.റ്റി. ജോർജ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) തിരുവനന്തപുരം പരശ്ശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് T663 ഏതു ഫണ്ട് ഉപയോഗിച്ചാണ് പുതുതായി കെട്ടിടം പണിയുന്നത് ; | എ) ഐ.സി.ഡി.പി ഫണ്ടും ബാങ്കിന്റെ തനത് ഫണ്ടും. |
| ബി) പ്രസ്തുത കെട്ടിടം പണിയുന്നതിന് അനുമതി നൽകികൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. |
| സി) കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അനുമതി നൽകിയതും ആരൊക്കെയാണെന്നും, നിർമ്മാണ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ആരാണെന്നും വ്യക്തമാക്കാമോ; | സി) കെട്ടിടത്തിന്റെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയത് ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസറായ ശ്രീ. വി.എസ്.പ്രദീപും കെട്ടിടത്തിന് അനുമതി നൽകിയത് പാറശ്ശാല ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമാണ്. കെട്ടിട നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നത് ശ്രീ. വി.എസ്. പ്രദീപാണ്. |
| ഡി) പ്രസ്തുത കെട്ടിടം പണിയുന്നതിനുള്ള ടെൻഡർ പരസ്യം ഏതൊക്കെ ദിനപത്രങ്ങളിലാണ് നൽകിയത് ; ആയതിന്റെ പകർപ്പും ലഭ്യമാക്കുമോ; | ഡി) മാതൃഭൂമി, ദേശാഭിമാനി. എന്നീ ദിനപത്രങ്ങളിൽ. പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. |
| ഇ) ടെൻഡർ ഫോറം ആരെല്ലാം വാങ്ങിയെന്നും ഇ.എം.ഡി. ഇനത്തിൽ എത്ര രൂപ സംഘത്തിൽ കെട്ടി വച്ചു എന്നും വ്യക്തമാക്കാമോ ; | ഇ) ശ്രീ.വൈ.എം.സ്റ്റീഫനും ശ്രീ.വി. വേണുഗോപാലൻ നായരുമാണ്. ഓരോരുത്തരും 89,250/- രൂപ വീതം കെട്ടിവെച്ചു. |
| എഫ്) ചട്ടവിരുദ്ധമായാണ് പ്രസ്തുത കെട്ടിട നിർമ്മാണം എങ്കിൽ സംഘം സെക്രട്ടറിക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | എഫ്) ചട്ടവിരുദ്ധ നടപടി ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.